**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 99** **01-02-2024 - ൽ മറുപടിയ്ക്ക്**

**എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന മാത്രം താൽക്കാലിക, കരാർ നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ വകുപ്പുകളിലെ താൽക്കാലിക, കരാർ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി മാത്രമായിരിക്കണം എന്ന വ്യവസ്ഥ നിലവിലുണ്ടോ; | (എ) | 1959-ലെ കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം എല്ലാ സർക്കാർ/ അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലേയും ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കേണ്ടതാണ്. 25.10.2004-ലെ 11887/ജി2/03/തൊഴിൽ നമ്പർ സർക്കുലറിൽ സംസ്ഥാനത്തുള്ള സർക്കാർ വകുപ്പുകൾ/ പൊതുമേഖലാ സ്ഥാപനങ്ങൾ/ ബോർഡുകൾ/ കമ്പനികൾ/ കോർപ്പറേഷനുകൾ/ സർക്കാർ ഗ്രാന്റിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവിടങ്ങളിലുള്ള പബ്ലിക് സർവീസ് കമ്മീഷന്റെ പരിധിക്ക് പുറത്ത് വരുന്ന ഒഴിവുകൾ നികത്തുന്നത് ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേന 1959-ലെ കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമായിരിക്കേണ്ടതാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്. |
| (ബി) | ദേശീയ ആരോഗ്യ ദൗത്യത്തിൽ (എൻ.എച്ച്.എം.) അടക്കം നിരവധി സ്ഥാപനങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ നിയമനം നടക്കുന്നു എന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; | (ബി) | വ്യക്തികൾ/ സംഘടനകൾ മുഖേന ലഭിക്കുന്ന പരാതികളിലും പത്രവാർത്തകളുടെ അടിസ്ഥാനത്തിലും വകുപ്പിലെ ആക്ട് എൻഫോഴ്സ്മെന്റ് ഓഫീസർമാരായ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ/ എംപ്ലോയ്മെന്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ നടത്തുന്ന സ്ഥാപന പരിശോധനകളിലും, ദേശീയ ആരോഗ്യ ദൗത്യത്തിലെ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയല്ലാതെ നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ടി നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തുന്നതിനായി ആരോഗ്യ, തദ്ദേശ സ്വയംഭരണ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | വിവിധ വകുപ്പുകളിലെ താൽക്കാലിക, കരാർ നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി മാത്രമാക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | 1959-ലെ കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട്-നും തുടർന്ന് കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾക്കും വിരുദ്ധമായി, വ്യക്തികൾ/സംഘടനകൾ മുഖേന നൽകുന്ന പരാതികളിലും പത്രവാർത്തകളുടെ അടിസ്ഥാനത്തിലും വകുപ്പിലെ ആക്ട് എൻഫോഴ്സ്മെന്റ് ഓഫീസർമാരായ ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ/എംപ്ലോയ്മെന്റ് ഓഫീസർമാരുടെ നേതൃത്വത്തിൽ നടത്തുന്ന സ്ഥാപനപരിശോധനകളിലും, കരാർ നിയമനങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽ പെട്ടാൽ കരാർ നിയമനങ്ങൾ റദ്ദ് ചെയ്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഒഴിവ് അറിയിച്ച് നിയമനം നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗദായകന് കർശന നിർദ്ദേശം നൽകുകയും ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ കൃത്യമായ സമയങ്ങളിൽ സ്വീകരിക്കുകയും ചെയ്യാറുണ്ട്. |

സെക്ഷൻ ഓഫീസർ